# പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1040 07.02.2013-ൽ മറുപടിയ്ക്ക്

## വിനോദസഞ്ചാരികളുടെ സുരക്ഷാ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ദിവാകരൻ | | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) | |
| (എ) | നടപ്പു വിനോദസഞ്ചാര സീസണിൽ ഇതുവരെ എത്ര വിദേശ ടൂറിസ്റ്റുകൾ സംസ്ഥാനത്ത് എത്തിയെന്ന് വ്യക്തമാക്കുമോ; ഇത് മുൻ വർഷങ്ങളെ അപേക്ഷിച്ച് കൂടുതലോ, കുറവോയെന്നും അറിയിക്കുമോ; | (എ) | 2012-ൽ സംസ്ഥാനം സന്ദർശിച്ച വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2011-ൽ 732985 വിദേശ ടൂറിസ്റ്റുകളും 9381455 തദ്ദേശ ടൂറിസ്റ്റുകളും കേരളം സന്ദർശിച്ചു. 2012-ൽ 789698 വിദേശ ടൂറിസ്റ്റുകളും 10076854 തദ്ദേശ ടൂറിസ്റ്റുകളും കേരളം സന്ദർശിച്ചതായും, ഇത് 2011-നെ അപേക്ഷിച്ച് യഥാക്രമം 7.74% വും 7.41% വും കൂടുതലാണെന്നും കണക്കാക്കിയിരിക്കുന്നു. |
| (ബി) | വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ എത്തുന്ന വിദേശ-ആഭ്യന്തര ടൂറിസ്റ്റുകളുടെ സുരക്ഷയ്ക്കായി എന്തെല്ലാം പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (ബി) | കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയവയെ കേന്ദ്രീകരിച്ചാണ് പ്രധാനമായും കേരളത്തിലെ ടൂറിസം മേഖല നീങ്ങുന്നത്. പ്രധാന കടലോരങ്ങളിലെല്ലാം തന്നെ പരിശീലനം നേടിയ ജീവൻ രക്ഷാ പ്രവർത്തകരെ (ലൈഫ് ഗാർഡ്സ്) നിയോഗിച്ചിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 136 പേർ ലൈഫ് |

ഗാർഡുകളായി സേവനം അനുഷ്ഠിക്കുന്നു. (കോവളം-33, ശംഖുമുഖം-8, വേളി-6, വർക്കല-20, കൊല്ലം-8, ആലപ്പുഴ-6, എറണാകുളം-23, തൃശ്ശൂർ-8, മലപ്പുറം-3, കോഴിക്കോട്-8, കണ്ണൂർ-11, കാസർഗോഡ്-2)

പരിശീലനം നേടിയ ആളുകളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതുണ്ട് എന്ന വസ്തുത പരിഗണിച്ച് ഉയർന്ന അപകട സാധ്യതകളുള്ള ജലാശയങ്ങളെ കേന്ദ്രീകരിച്ച് ജീവൻ രക്ഷാ സന്നദ്ധ സേവകൻ എന്ന പദ്ധതി നടപ്പിലാക്കിക്കൊണ്ട്, നിലവിലുള്ള ജീവൻ രക്ഷാ സംവിധാനം മെച്ചപ്പെടുത്തുകയു-ണ്ടായി. വിനോദ സഞ്ചാര കേന്ദ്രത്തിൽ നിന്ന് കണ്ണെത്തുന്ന ദൂരത്തിൽ തൊഴിൽ ചെയ്യുന്നവരോ, താമസിക്കുന്നവരോ ആയ ആളുകളിൽ നിന്ന് സന്നദ്ധ സേവകരെ തെരഞ്ഞെടുത്ത് അവർക്ക് ജീവൻ രക്ഷാ പ്രവർത്തനങ്ങളിലും, പ്രഥമ ശുശ്രൂഷയിലും പരിശീലനം നൽകി അവരെ ജീവൻ രക്ഷാ സന്നദ്ധ സേവകരായി നിയോഗിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. കൂടാതെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ടൂറിസ്റ്റുകളുടെ സുരക്ഷയ്ക്കായി ടൂറിസം പോലീസിനെ വിന്യസി-ച്ചിട്ടുണ്ട്.

(സി) കൊല്ലം ജില്ലയിൽ ആലപ്പാട്-ആയിരം തെങ്ങ് ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റാനുള്ള പദ്ധതിയുടെ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്നു വിശദമാക്കുമോ ?

(സി) കൊല്ലം ജില്ലയിൽ ആലപ്പാട്- ആയിരം തെങ്ങ് ടൂറിസ്റ്റ് കേന്ദ്രമാക്കി വികസിപ്പിക്കുന്നതിനുൾപ്പെടെയുള്ള ഒരു പദ്ധതിയാണ് അഴീക്കൽ ടൂറിസം വികസന പദ്ധതി. ഇതിന്റെ അടങ്കൽ ഒരു കോടി രൂപയാണ്. പദ്ധതിയുടെ എക്സിക്യൂട്ടിങ്ങ് ഏജൻസി കൊല്ലം ജില്ല, ടൂറിസം പ്രൊമോഷൻ കൗൺസിൽ ആണ്. ഇതിന്റെ ഇംപ്ലിമെന്റിംഗ് ഏജൻസി മേജർ ഇറിഗേഷൻ വകുപ്പാണ്. പ്രസ്തുത വർക്കിന്റെ ടെർഡർ ജോലി പുരോഗമിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ